**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1317** — **01-02-2024 - ൽ മറുപടിയ്ക്ക്**

**ജനകീയ ഹബ്ബുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.വി. ശ്രീനിജിൻ,<br>ശ്രീ. എ. പ്രഭാകരൻ,<br>ശ്രീമതി കാനത്തിൽ ജമീല,<br>ശ്രീമതി ദെലീമ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | പാലങ്ങളുടെ കീഴ്ഭാഗം ജനകീയ ഹബ്ബുകളാക്കി വികസിപ്പിക്കുമ്പോൾ അവ സ്ത്രീ സൗഹൃദവും ഭിന്നശേഷി സൗഹൃദവും ആകുന്ന തരത്തിൽ പദ്ധതിനിർവ്വഹണം പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; | (എ) | പാലങ്ങളുടെ കീഴ്ഭാഗം ജനകീയ ഹബ്ബുകളാക്കി വികസിപ്പിക്കുമ്പോൾ അവ സ്ത്രീ സൗഹൃദവും ഭിന്നശേഷി സൗഹൃദവും വയോജന സൗഹൃദവും ആകുന്ന തരത്തിലാണ് പദ്ധതി നിർവ്വഹണം പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്നത്. |
| (ബി) | വിവിധ കമ്പനികളുടെ കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി (സി.എസ്.ആർ.)ഫണ്ട് പ്രസ്തുത പദ്ധതിക്ക് ഉപയോഗിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (ബി) | ഉണ്ട്. CSR ഫണ്ട് ഉൾപ്പെടെയുള്ള ഫണ്ട് ഉപയോഗപ്പെടുത്തി പദ്ധതി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. തിരുവനന്തപുരം നഗരപാത വികസന പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിച്ച് പരിപാലിച്ച് വരുന്ന റോഡുകളിൽ ലുലു ഗ്രൂപ്പിന്റെ സി.എസ്.ആർ. ഫണ്ട് ഉപയോഗിച്ച് ബേക്കറി ഫ്ലൈഓവറിന്റെ കീഴ്ഭാഗം ജനകീയ ഹബ്ബാക്കി മാറ്റുന്നതിനായി ഡിസ്ട്രിക്ട് നിർമ്മിതി കേന്ദ്രം വിശദമായ പദ്ധതി സമർപ്പിച്ചിട്ടുണ്ട്. |
| (സി) | പദ്ധതിയുടെ തുടർച്ചയ്ക്കും വികസനത്തിനും മെയിന്റനൻസിനുമായി രൂപീകരിക്കപ്പെടുന്ന കേന്ദ്രങ്ങളിൽ ചെറിയ ഫീസ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ? | (സി) | ഫീസ് ഈടാക്കുന്നതുമായി ബന്ധപ്പെട്ട് നിലവിൽ തീരുമാനം എടുത്തിട്ടില്ല. |

സെക്ഷൻ ഓഫീസർ